(ഡി)

വർഷം	(രൂപ കോടിയിൽ) തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകിയ പദ്ധതി തുക (അക്കൗണ്ടന്റ് ജനറലിന്റെ കണക്ക്)
1997-98	741.87
1998-99	938.87
1999-2000	848.31
2000-01	759.48
2001-02	620.14
2002-03	1004.59
2003-04	1284.22

(ഇ)

വർഷം	സംസ്ഥാന പദ്ധതി അടങ്കലിന്റെ ശതമാന നിരക്കിൽ
1997-98	26.23%
1998-99	30.65%
1999-2000	31.38%
2000-01	29.56%
2001-02	28.19%
2002-03	33.33%
2003-04	30.28%

ധനകാര്യ വകുപ്പിൽ കമ്പ്യൂട്ടറൈസേഷനു ചെലവായ തുക

6 [2470] ശ്രീ. ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനകാര്യ ഡേറ്റാ പ്രോസസിംഗ് സെന്റർ മുഖാന്തിരം നാളിതുവരെ സെക്രട്ടേറിയറ്റിന്റെ ആവശ്യത്തിനായി എത്ര രൂപയുടെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്;

(ബി) അവയുടെ സ്പെസിഫിക്കേഷൻ, വാങ്ങിയ വർഷം, എവിടെ ഉപയോഗിക്കുന്നു, ഏതെല്ലാം സോഫ്റ്റുവെയറുകൾ വാങ്ങിയിട്ടുണ്ട് എന്നീ വിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) 2005-06 കാലയളവിൽ ധനകാര്യ വകുപ്പിൽ കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട് എത്ര രൂപ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) അവ ഏതെല്ലാം മേഖലയിൽ എന്താവശ്യത്തിനാണെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1977-ൽ സ്ഥാപിതമായ ധനകാര്യ ഡേറ്റാ പ്രോസസിംഗ് സെന്റർ, 1990—2000 വരെയുള്ള ഉപയോഗശൂന്യമായ കമ്പ്യൂട്ടർ ഉപകരണങ്ങൾ പരസ്യലേലം വഴി സ്റ്റോക്കിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്. കഴിഞ്ഞ 5 വർഷം 34,76,171 രൂപ ചെലവഴിച്ചിട്ടുണ്ട്. (സെക്രട്ടേറിയറ്റ് വൈഡ് ഏരിയ നെറ്റ് വർക്കിനുവേണ്ടി 2000-01-ൽ വാങ്ങിയ ഉപകരണങ്ങളും വിവരങ്ങൾ അടങ്ങിയ ഫയലും സെക്രട്ടേറിയറ്റ് ഐ. റ്റി. വകുപ്പിന് 2002-ൽ കൈമാറിയിട്ടുണ്ട്.)

(ബി) വിശദവിവരങ്ങൾ അടങ്ങിയ പട്ടിക അടക്കം ചെയ്തിട്ടുണ്ട്.†

(സി) ഉദ്ദേശം 15 ലക്ഷം രൂപ.

(ഡി) ബഡ്ജറ്റു വിഭാഗം, ഫയൽ മോണിറ്ററിംഗ്, ട്രെയിനിംഗ് വിഭാഗം, വിവിധ സെക്ഷനുകൾ എന്നിവിടങ്ങളിൽ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്.

വ്യാപാരി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

7 [2471] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വ്യാപാരി ക്ഷേമനിധി ബോർഡിൽ ഇതുവരെ എത്രപേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്;

(ബി) മരണപ്പെട്ട വ്യാപാരികളുടെ ആശ്രിതർക്ക് എത്ര രൂപ നഷ്ടപരിഹാരം നൽകാനുണ്ടെന്നും ഏതു വർഷം വരെ നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) സാമ്പത്തിക ആനുകൂല്യം യഥാസമയം വിതരണം ചെയ്യുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് അറിയിക്കാമോ;

(ഡി) വ്യാപാരി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 28-2-2005 വരെ 63,205 പേർക്ക് ക്ഷേമനിധി അംഗത്വം നൽകിയിട്ടുണ്ട്.

(ബി) വ്യാപാരി ക്ഷേമനിധി ബോർഡിൽനിന്നും ആനുകൂല്യമായും നഷ്ടപരിഹാരമായും 28-2-2005 വരെ 1,69,95,000 രൂപ നൽകുവാനുണ്ട്. 16-6-2001 വരെയുള്ള യോഗ്യതാ മാനദണ്ഡമുള്ള എല്ലാ നഷ്ടപരിഹാര അപേക്ഷകളിന്മേലും തീർപ്പ് കല്പിച്ചിട്ടുണ്ട്.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly